മനുഷ്യരെ മധ്യസ്ഥരാക്കരുതെ!

- ദൈവഹിതപ്രകാരം പ്രാർത്ഥിക്കുന്നത് എങ്ങനെ?
- ആരോടാണ് പ്രാർത്ഥിക്കേണ്ടത്?
- മൺമറഞ്ഞ മനുഷ്യരുടെ മാധ്യസ്ഥ്യം വഴി ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചെടുക്കാമോ?
- ബൈബിൾ ചൂണ്ടിക്കാട്ടുന്ന മധ്യസ്ഥൻ ആരാണ്?
- ദൈവശിക്ഷയിൽ കാലാശിക്കാവുന്ന പ്രാർത്ഥനകൾ എങ്ങനെ ഒഴിവാക്കാം?
- ഇന്നു നടക്കുന്ന അത്ഭുതങ്ങൾ എല്ലാം ദൈവത്തിൽ നിന്ന് ഉത്ഭവിക്കുന്നവയോ?

ഇത്യാദിചോദ്യങ്ങൾക്ക് ബൈബിളിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിൽ, ഇംഗ്ലീഷ് സാഹിത്യത്തിൽ പ്രൊഫസറും നോവലിസ്റ്റുമായ ഡോ. ഏഴംകുളം സാംകുട്ടി മറുപടി നൽകുന്നു.


















# മനുഷ്യരെ മധ്യസ്ഥരാക്കരുതെ!

## പ്രൊഫസർ ഏഴംകുളം സാംകുട്ടി

**ഉപകാരസ്മരണ**



വിശുദ്ധ യൂദാശ്ലീഹായുടെ
മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം
സാധിച്ചതിനു നന്ദി.
*– ഒരു വിശ്വാസി*

**ഉപകാരസ്മരണ**



വല്ലാർ പാടത്തമ്മയുടെ
മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് നന്ദി.
– ഒരു വിശ്വാസി



വാഴ്ത്തപ്പെട്ട ചാവറ അച്ചൻ വഴി
പ്രാർത്ഥിച്ച കാര്യം
സാധിച്ചതിന് ഉപകാരസ്മരണ.
– ഒരു വിശ്വാസി



പുണ്യമാതാ ചാത്തമ്മയുടെ
സഹായത്താൽ ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് നന്ദി.
– ഒരു വിശ്വാസി

# ഉപകാര സ്മരണ

**യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തോട് അപേക്ഷിച്ച കാര്യത്തിന് മറുപടി നൽകിയതിന്... ദൈവമേ അങ്ങേയ്ക്കു നന്ദി.**

***- സത്യവിശ്വാസി***



കൊരട്ടിമുത്തിക്ക്
പൂവൻകുല നേർച്ച



അസാധ്യ കാര്യങ്ങളുടെ
മദ്ധ്യസ്ഥനായ യൂദാശ്ലീഹായേ,
അങ്ങയുടെ സ്തുതികളെ
ഞാൻ ലോകമെങ്ങും
അറിയിക്കും.



'ഞാൻ നിങ്ങൾക്കുവേണ്ടി
അപേക്ഷിച്ചുകൊള്ളാം'
അർജന്റീനാ മാതാവ്



കോളാർ ഖനിമാതാവ്
അത്യാഹിതങ്ങളിൽ
നിന്നു കാക്കുന്നു.



**ജപമാല കൈയിലേന്തി
150 വട്ടം
നന്മനിറഞ്ഞ മറിയാമിനെ
വാഴ്ത്തി പ്രാർത്ഥിച്ചു.**



നിത്യസഹായി വേളാങ്കണ്ണി
ആരോഗ്യമാതാവ്



പുണ്ടിമാതാവ്
'അമ്മേ, അമ്മേ,
കനിവുള്ളോരമ്മേ!'



അനുഗ്രഹദായക
പുല്ലിച്ചിറ അമ്മ



ഭൂമിയിൽ എവിടെയിരുന്നു
പ്രാർത്ഥിച്ചാലും കേൾക്കുന്ന
വിശുദ്ധ അൽഫോൻസാമ്മ.

വ്യക്തികളും പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ. രക്ഷപ്പെടാൻ ഒരു കച്ചി തുരുമ്പെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നവർ! കണ്ണിൽ കണ്ടതിനെയൊക്കെ കയറിപ്പിടിക്കും. കേട്ടതൊക്കെ തത്തക്കിളിയെ പ്പോലെ ഏറ്റുചൊല്ലും. മിക്കവരും 'പുതിയ നിയമം' ഒരുവട്ടം പോലും വായിച്ചിട്ടില്ലാത്തവർ. ഈ പ്രത്യേക സാഹചര്യത്തിൽ ജനം കൂട്ടമായി ദുരുപദേശങ്ങളിലേക്കും അനാചാരങ്ങളിലേക്കും വഴുതിവീഴാനുള്ള സാധ്യത കൂടും. സത്യാന്വേഷികൾ അങ്ങേയറ്റം ജാഗ്രത പാലിക്കേണ്ട ഒരു കാലഘട്ടമാണിത്. ●

---

■ 'മരുപ്പച്ച' ദ്വൈവാരിക പ്രസിദ്ധീകരിച്ച എന്റെ ഒരു ലേഖന മാണിത്. പിന്നീട് 'ഗോസ്പൽ റ്റുഡെ' മാസികയിൽ പുനഃ പ്രസിദ്ധീകരണം നടത്തിയിട്ടുണ്ട്. ഇതോടു ബന്ധപ്പെട്ട വിഷ യങ്ങളെപ്പറ്റി മുമ്പ് ഞാൻ എഴുതിയിട്ടുള്ള ലേഖനങ്ങൾ സുവിശേഷനാദം, ക്രൈസ്തവചിന്ത, ഗുഡ്ന്യൂസ്, മാറാനാഥ വോയിസ്, സ്വർഗ്ഗീയ ധ്വനി, ഹാലേലുയ്യാ എന്നീ പത്രികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന മാസികാ ഭാരവാഹികൾ ആശയപ്രചാരണത്തിൽ എനിക്കു പ്രോത്സാഹനം നൽകിയിട്ടുണ്ട് എന്ന വസ്തുത സന്തോഷ പൂർവ്വം സ്മരിക്കുന്നു: സി.വി. മാത്യു, അച്ചൻകുഞ്ഞ് ഇല ന്തൂർ, സാംകുട്ടി ചാക്കോ, റ്റി. യോഹന്നാൻ, പാസ്റ്റർ എം. കുഞ്ഞപ്പി, കെ.എൻ.റസ്സൽ, തമ്പി തോമസ്, പാസ്റ്റർ പി. എസ്. ഫിലിപ്പ്, റവ. പി.പി. കുര്യൻ, ഉമ്മൻ എബനേസർ, ഫിന്നി മാത്യു, മാത്യു ചെമ്പുകണ്ടത്തിൽ, എസ്.പി. ജയിം സ്, കെ.എം. ഈപ്പൻ, രാജൻ ആര്യപ്പള്ളിൽ, പാസ്റ്റർ ജെ. ജോസഫ്, സാബു സാമുവൽ, പാസ്റ്റർ കെ.എ. ഉമ്മൻ, റവ. ഡോ. വൽസൻ ഏബ്രഹാം, പാസ്റ്റർ ഡോ. കെ.സി. ജോൺ, റ്റോംസ് ഏബ്രഹാം, പ്രൊഫസർ മാത്യൂസ് പ്ലാമൂട്ടിൽ, ജയിംസ് റ്റി. സാമുവെൽ, എൽ. സാം, പാസ്റ്റർ പി.സി. ജോൺ, ഡോ. തോമസ് ഇടിക്കുള.

NB: ഗ്രന്ഥകാരന്റെ പ്രത്യേക നിർദ്ദേശാനുസരണം ഈ കൃതി യുവജന സംഘടനകൾ വഴിയും പ്രാദേശിക സഭകൾ വഴിയും ചില സന്ദർഭങ്ങളിൽ സൗജന്യമായി വിതരണം ചെയ്യാറുണ്ട്. എന്നാൽ ബുക്ക് ഷോപ്പുകളിലും കൺവെൻഷൻ സ്റ്റാളുകളിലും ഈ ഗ്രന്ഥം സൗജന്യമായി ലഭിക്കുന്നതല്ല.



# മനുഷ്യരെ മധ്യസ്ഥരാക്കരുതേ!

പ്രൊഫസർ ഏഴംകുളം സാംകുട്ടി

# *Manushyere Madhyastharakkaruthe!*

Malayalam

**Dr. Ezhamkulam Chacko Samkutty, M.A., Ph.D.**
Professor of English Literature

Copyright :
Dr. E.C. Samkutty

First Printing:
October 2008

Sixth Printing:
October 19, 2011

Printed at:
Darsana Offset, Tiruvalla

Cover design:
Anish Kollad, Deepak Damu, E.C. Samkutty

Published by:
Good News Book Stall
Kanjikuzhy, Kottayam - 686004

Contact Address:

READERS' FORUM
Attention: Dr. E.C. Samkutty
P.O. Box 851423
Mesquite, Texas 75185-1423, U.S.A.
ecsamkutty@hotmail.com
ecsamkutty@yahoo.com

**Price Rs. 10/-**

യങ്ങളും പ്രസ്താവനകളും അവഗണിച്ചുകൊണ്ട്, മുറിവാക്യങ്ങളെയും ആധികാരികതയില്ലാത്ത ഗ്രന്ഥങ്ങളെയും, പൂർവ്വിക മേലദ്ധ്യക്ഷന്മാർ പിൻതുടർന്ന വിചിത്രമായ ആചാരങ്ങളെയും, വളച്ചുകെട്ടിയ വ്യാഖ്യാനങ്ങളെയും കൂട്ടുപിടിച്ച് തെറ്റുകൾ ശരിയാക്കി കാണിക്കാനുള്ള ബദ്ധപ്പാടുകൾ. ദുരുപദേശങ്ങൾ എഴുതിചേർത്തത് ആചാര്യന്മാരുടെ ഉച്ചകോടി സമ്മേളനങ്ങൾ ആണെങ്കിൽ തന്നെ, അവയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ടെങ്കിൽതന്നെ, 'പുതിയ നിയമ'ത്തിൽ അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ ഉപേക്ഷിക്കയാണ് നല്ലത് എന്ന പ്രായോഗികതത്വം പലരും മനസിലാക്കിയിട്ടില്ലെന്നു തോന്നുന്നു. വിനയപൂർവ്വം വിശ്വാസപ്രമാണങ്ങൾ പുനഃപരിശോധന നടത്താനുള്ള സന്മനസ്സും കാണിക്കുന്നില്ല.

പാരമ്പര്യം അവകാശപ്പെടുന്നവർ ആരുടെയും മുമ്പിൽ തോല്ക്കാൻ പാടില്ലല്ലോ എന്ന ചിന്താഗതി. ചുരുക്കിപറഞ്ഞാൽ, സഭാനേതൃത്വത്തെ അഹന്ത കീഴടക്കിയിരിക്കുന്നു. സഭാനേതൃത്വം കുട്ടിദൈവങ്ങളെയും വ്യാജമദ്ധ്യസ്ഥരെയും സ്വീകരിക്കുന്നു. വർഷംതോറും പുതിയ പുതിയ മദ്ധ്യസ്ഥരെ ഉണ്ടാക്കിക്കൊടുക്കുന്നു. കല്ലറകളിൽ നിന്ന് ചിലരുടെ ഭൗതികാവശിഷ്ടങ്ങൾ തുരന്നെടുത്ത് ആൾദൈവങ്ങളായി തരപ്പെടുത്തികൊടുക്കുന്നു.

വിഗ്രഹാരാധനയെയും അനാചാരങ്ങളെയും ശാസിക്കേണ്ടവർ അവയ്ക്ക് ഒത്താശ നൽകുന്നു. പ്രോത്സാഹനം നൽകുന്നു. കാതലായ വിശ്വാസവിഷയങ്ങളിൽ വിട്ടുവീഴ്ച കാണിക്കുന്നു.

ലോകാവസാനത്തിനുമുമ്പ് നടക്കാൻ പോകുന്ന സംഭവവികാസങ്ങളെപ്പറ്റി ബൈബിൾ പ്രവചനങ്ങൾ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ധാർമ്മികമായ അധഃപതനം ലോകാവസാനത്തിന്റെ ഒരു ലക്ഷണമാണ്. മറ്റൊന്ന് വ്യാജമായ ആരാധനയുടെ മുന്നേറ്റം. കുട്ടിദൈവങ്ങളും അംശാവതാരങ്ങളും കാവൽമാതാക്കളും വ്യാജമദ്ധ്യസ്ഥരും കുടിയിരിക്കുന്ന തീർത്ഥസ്ഥലങ്ങളിലേക്കുള്ള ജനപ്രവാഹം ഇനി കൂടുകയേ ഉള്ളു. വ്യാജമതങ്ങൾ വലിയ ഉണർവ്വും ശക്തിയും വളർച്ചയും കൈവരിച്ചെന്നു വരും. പിന്നിൽ നിന്നും പ്രവർത്തിക്കുന്നത് ഒരിക്കലും പരിശുദ്ധാത്മാവ് ആയിരിക്കയില്ല. നന്മയുടെ വേഷം കെട്ടുന്ന ദുരാത്മാക്കൾ. സത്യാരാധന നടക്കുന്ന സ്ഥലങ്ങളിലെ പാട്ടും പാഠങ്ങളും, ശബ്ദവും ശൈലിയും അനുകരിച്ചുകൊണ്ടായിരിക്കും വ്യാജദൈവങ്ങളെ സേവിക്കുന്നവർ ജനലക്ഷങ്ങളെ വഞ്ചിക്കുന്നത്.

ലോകത്തിന്റെ പ്രശ്നങ്ങൾ ഏറിവരുന്നു. ഒട്ടേറെ കുടുംബങ്ങളും

ത്തിലെ ദുഷ്ടാത്മസേനയുടെ കൈകടത്തൽ ഉണ്ട്.

എന്നാൽ, സത്യം സംസാരിക്കുന്നവർ പ്രലോഭനങ്ങൾക്കു മുമ്പിൽ പതറുകയില്ല. വായ് പൂട്ടി അടയ്ക്കുകയില്ല. ഒളിച്ചോടുകയുമില്ല. അവർ സധൈര്യം സത്യം സംസാരിച്ചുകൊണ്ടിരിക്കും. അസത്യത്തെ എതിർത്തുകൊണ്ടിരിക്കും. അപവാദം പ്രചരിപ്പിക്കുന്ന മാധ്യമങ്ങളുടെ മുമ്പിൽ, മുടക്കുഭീഷണി ഉയർത്തുന്ന മതമേലദ്ധ്യക്ഷന്മാരുടെ മുമ്പിൽ അവരുടെ കാലുകൾ ഇടറുകയില്ല. ഈ സന്ധിയില്ലാസമരത്തിൽ അവരെ തുണയ്ക്കാൻ ദൈവം ആത്മാർത്ഥതയുള്ള സ്നേഹിതരെ എഴുന്നേല്പിക്കും. യഥാർത്ഥ സ്നേഹിതർ ആരും അവരെ ഒറ്റപ്പെടുത്തുകയില്ല. മക്കളുടെയും മരുമക്കളുടെയും ബന്ധുക്കളുടെയും ഇടവകയിലെ അംഗങ്ങളുടെയും ജീവിതനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കയില്ല ഉത്തമ സ്നേഹിതർ ശുശ്രൂഷകന്മാരെ വിധിക്കുന്നത്. പകരം ദൈവദാസന്മാരുടെ സ്വന്തം ജീവിതത്തിന്റെയും ദീർഘകാലത്തെ വിശ്വസ്ത സേവനത്തിന്റെയും അടിസ്ഥാനത്തിലേ വിധി പറയുകയുള്ളു. പരിഹാസികൾ തളർത്താൻ ശ്രമിക്കുമ്പോൾ നീതിബോധമുള്ളവർ അവരെ ഉറപ്പിച്ചു നിർത്തുവാനായിരിക്കും ശ്രമിക്കുന്നത്. രോഗബാധയാൽ തളർന്നുകൊണ്ടിരുന്ന പൗലൊസിനെ ഉറപ്പിച്ചു നിർത്തിക്കൊണ്ട് യേശുക്രിസ്തു പറയുന്നതു ശ്രദ്ധിക്കുക: "എന്റെ കൃപ നിനക്കു മതി; എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത് (2 കൊരിന്ത്യർ 12:9).

ചിലപ്പോൾ സത്യം സംസാരിക്കുന്നവരെ നിശബ്ദരാക്കാനുള്ള സാത്താന്റെ കുതന്ത്രങ്ങളുടെ പിന്നിൽ സഹകരിച്ചു പ്രവർത്തിക്കുന്നത് മതമേലദ്ധ്യക്ഷന്മാർ ആയിരിക്കും.

വേദവാക്യങ്ങൾ എഴുതിയ മന്ത്രപ്പട്ടകൾ ഇടതുകൈയിൽ കെട്ടിതൂക്കി നടന്ന പരീശന്മാരായിരുന്നല്ലോ യേശുക്രിസ്തു മശീഹാ ആണെന്ന് അംഗീകരിക്കാൻ കൂട്ടാക്കാഞ്ഞത്. വേദവാക്യങ്ങളിലെ കേന്ദ്രവിഷയമായ മശീഹായെ തിരിച്ചറിയാൻ അവർക്കു കഴിയാതെ പോയി. കാരണം? അഹന്ത! പാരമ്പര്യത്തിന്റെ അഹന്ത. വചനത്തിനു സ്വയം കീഴ്പെടുവാനുള്ള വിനയം അവർക്ക് ഇല്ലാതെ പോയി.

ഞങ്ങൾക്കു ചില കാര്യങ്ങളിൽ തെറ്റുപറ്റിയിട്ടുണ്ട് എന്നു സമ്മതിച്ച് തെറ്റുകൾ തിരുത്താനുള്ള വിനയം മേലദ്ധ്യക്ഷന്മാർക്കില്ല. പലർക്കും ഇത് അഭിമാനത്തിന്റെ പ്രശ്നമാണ് – സത്യാനുഗമനം വിഷയമല്ലതാനും. തെറ്റുകൾ കൂടുതൽ ഉറപ്പിച്ചെടുക്കാനുള്ള ശ്രമങ്ങളാണ് പലേടത്തും. 'പുതിയ നിയമ'ത്തിലെ വ്യക്തവും പ്രത്യക്ഷവുമായ ആശ



## ഏഴംകുളം സാംകുട്ടിയുടെ കൃതികൾ

- **A.D.2000? (ഇംഗ്ലീഷ്), 1972**
- **ശാസ്ത്രവും ബൈബിളും, 1973**
- **ഒടുവിലത്തെ ശത്രു, 1976**
- **യുക്തിവാദം ശനിദശയിൽ, 1978**
- **പാളം തെറ്റിയ തീവണ്ടി** *(നോവൽ)*, **1983,**
  ദീപ്തി ബുക്സ്, പ്ലാന്തോട്ടം കോംപ്ലക്സ്, തിരുവല്ല–1

### കാസറ്റുകൾ, സി.ഡി.കൾ

- **ഭാര്യാഭർത്തൃബന്ധം ശക്തമാക്കാൻ** (പ്രഭാഷണം), **1987**
- **അത്യുന്നതനാം ദൈവം** (ഭക്തിഗാനങ്ങൾ), **1984**
- **വിടുതലിൻ ഗാനങ്ങൾ, 1990**

### ലഘുകൃതികൾ

- **നിരീശ്വരന്റെ ചോദ്യങ്ങൾക്കു മറുപടി, 1981**
- **ഓർമ്മയിൽ തിങ്ങിനില്ക്കുന്ന അനുഭവങ്ങൾ, 1983**
- **മനുഷ്യരെ മധ്യസ്ഥരാക്കരുതേ!, 2008**

### ഡോ. സാംകുട്ടിയുടെ കൃതികളെപ്പറ്റിയുള്ള ചർച്ചകൾ

- **പാളം തെറ്റിയ തീവണ്ടി : നിരൂപണപഠനങ്ങൾ,1994**
  (എം.കെ. മാധവൻനായർ, മാത്യു ഉലകംതറ, ജോസഫ് പടിഞ്ഞാറേക്കര, റ്റി.സി. മാത്യു, മാമ്മൻ ഫിലിപ്പ്, പി.എസ്. ചെറിയാൻ)
- **കോവൂർ, പീറ്റർ, സാംകുട്ടി : അഭിമുഖങ്ങൾ, 1996**
  (ജോയ് തുമ്പമൺ)

മാന്യ വായനക്കാരന്,

ഈ കൃതി അനുവാചകന് എങ്ങനെ, എത്രമാത്രം പ്രയോജനപ്പെട്ടു എന്നറിയുവാൻ എനിക്ക് വളരെ താല്പര്യമുണ്ട്. ഇതിന്റെ പിന്നിൽ വളരെ പ്രാർത്ഥനയും അദ്ധ്വാനവും പണച്ചെലവും ഉണ്ട്. താങ്കളെ ഈ കൃതി സ്വാധീനിക്കുന്നു എങ്കിൽ, ഏതെങ്കിലും രീതിയിൽ ഇതിലെ ആശയങ്ങൾ താങ്കൾക്ക് പ്രയോജനം ചെയ്യുന്നു എങ്കിൽ, അക്കാര്യം തുറന്നെഴുതി എന്റെയോ പ്രസാധകരുടെയോ വിലാസത്തിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. താങ്കൾക്ക് ഈ പുസ്തകം പ്രയോജനം ചെയ്ത വിവരം അറിഞ്ഞ് സന്തോഷിക്കുവാൻ എനിക്കും ഒരവസരം നൽകുക. കത്തിലെ വിവരങ്ങൾ ഞാൻ മാത്രമേ വായിക്കാവൂ എന്ന് നിർബ്ബന്ധമുണ്ടെങ്കിൽ, കത്തിന്റെ പുറത്തും ഓപ്പണിംഗ് ഫ്ളാപ്പിലും 'personal' എന്നെഴുതിയാൽ മതി. കത്തു തുറക്കാതെ, സ്വകാര്യമായി എന്റെ പേരിൽ അയച്ചുതരാൻ പ്രസാധകരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ പ്രാരംഭത്തിൽ കൊടുത്തിരിക്കുന്ന എന്റെ അമേരിക്കയിലെ വിലാസത്തിൽ നേരിട്ട് അയയ്ക്കുന്നതായിരിക്കും ഉത്തമം.

നന്ദിപൂർവ്വം,

**ഏഴംകുളം സാംകുട്ടി**

ഓറൽ റോബർട്ട്സിന്റെ ആത്മീയ ശുശ്രൂഷ വളർച്ചയിലേക്കു നീങ്ങിത്തുടങ്ങിയ ഒരു കാലഘട്ടത്തിലായിരുന്നു ഇവ്വിധ അത്യാഹിതങ്ങൾ ഉണ്ടായത്. ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകളോട് സുവിശേഷം അറിയിച്ച ആളാണ് റവ. ബില്ലി ഗ്രഹാം. കുടുംബഭദ്രത, സമാധാനം ഇവയൊക്കെയാണ് അദ്ദേഹം ഏറെ പ്രസംഗിക്കാറുള്ള വിഷയങ്ങൾ. എന്നാൽ കുറെ വർഷങ്ങൾ മുമ്പ് അദ്ദേഹത്തിന്റെ രണ്ടു പെൺമക്കൾ വിവാഹമോചനം നേടിയത് അമേരിക്കയിൽ വലിയ വാർത്ത ആയിരുന്നു. ഏക മധ്യസ്ഥനായ ക്രിസ്തുവിലൂടെ ലഭിക്കുന്ന സമാധാനം പ്രഘോഷിച്ച ബില്ലി ഗ്രഹാമിന്റെ മക്കളുടെ കുടുംബങ്ങൾക്ക് സമാധാനം എങ്ങനെ അന്യമായി? അദ്ദേഹത്തെപ്പറ്റി ജനലക്ഷങ്ങളുടെ മനസ്സിൽ സംശയവിചാരങ്ങൾ മുളപ്പിക്കുന്ന കാര്യത്തിൽ വിജയിച്ചു എന്ന് സാത്താന്റെ സേവാത്മാക്കൾക്ക് അവകാശപ്പെടാം.

സുപ്രസിദ്ധ വേദാദ്ധ്യാപകനായിരുന്ന കോവൂരച്ചന്റെ മകനെ സാത്താന്റെ ദൂതന്മാർ പാട്ടിലാക്കി. ആ മകനാണ് നിരീശ്വരവാദി ആയി മാറിയ പ്രൊഫസർ എ.റ്റി. കോവൂർ. ഈശ്വരജ്ഞാനം പഠിപ്പിച്ച തറവാടിന്റെ വാത്സല്യപുത്രൻ ഈശ്വരനെ നിഷേധിച്ചുകൊണ്ട് ഇരുപതോളം പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. വിരോധാഭാസമല്ലേ! പാപശാന്തിയും രോഗശാന്തിയും പ്രസംഗിച്ച സാധു കൊച്ചുകുഞ്ഞു പദേശിയുടെ മകൻ ജ്വരംബാധിച്ച് അകാലചരമം പ്രാപിച്ച സംഭവം എത്രയോ പേരുടെ ഉള്ളിൽ ചോദ്യങ്ങൾ ഉയർത്തി! അദ്ദേഹത്തിന്റെ മകന് എന്തുകൊണ്ട് രോഗശാന്തി ലഭിച്ചില്ല?

മദ്യനിരോധനറാലി നയിച്ച ഒരു ഉപദേശിയുടെ സഭയിലെ അംഗം പാളംതെറ്റി വിദേശമദ്യം വില്ക്കുന്ന കമ്പനി തുടങ്ങുന്നു. പരമഭക്തനായ ഒരു പുരോഹിതന്റെ മകൾ പിതാവിന് അപമാനം ക്ഷണിച്ചുവരുത്തിക്കൊണ്ട് നിലവാരമില്ലാത്ത നാടകങ്ങളിൽ അഭിനയിക്കുന്നു. ടെലിവിഷൻ സുവിശേഷകന്റെ മകൻ സാമൂഹിക പ്രതിബദ്ധതയില്ലാത്ത സിനിമകൾക്കുവേണ്ടി തിരക്കഥകൾ എഴുതി കൊടുക്കുന്നു. ലളിതജീവിതശൈലി പ്രചരിപ്പിക്കുന്ന പാസ്റ്ററുടെ പെൺമക്കൾ വഴി തെറ്റി ആർഭാടത്തിന്റെ പാത സ്വീകരിക്കുന്നു – വീടും ഭൂസ്വത്തും കടപ്പെടുത്തുന്നു. പ്രവാചകന്റെ മകനെ കള്ളക്കടത്തിന്റെ പേരിൽ പോലീസ് അറസ്റ്റു ചെയ്ത വിവരം പത്രത്തിൽ വരുന്നു. നമുക്കു ചുറ്റും കാണുന്ന വിരോധാഭാസങ്ങൾ.

നെറ്റി ചുളിക്കണ്ടാ. ഇവയിൽ പലതിന്റെയും പിന്നിൽ ആകാശ

സാത്താനാണ്. അങ്ങനെയങ്കിൽ, ഒരു സത്യസുവിശേഷകൻ യഥാർത്ഥ ത്തിൽ സാത്താന്യ കോട്ടകൾക്കെതിരെയാണ് യുദ്ധം ചെയ്യുന്നത്. കോട്ട തകരുന്നതുകണ്ട് സാത്താൻ അടങ്ങിയിരിക്കുമോ? ഒരിക്കലുമി ല്ല. അനാചാരങ്ങൾക്കെതിരെ ശബ്ദം ഉയർത്തുന്ന സുവിശേഷകരെ ഉന്നം വച്ചുകൊണ്ട് സാത്താന്യ ദൂതന്മാർ അവർക്കെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കും; തീർച്ച. ഇത്തരം പ്രതികൂല ശക്തികളെ വേദപു സ്തകം "അന്ധകാരത്തിന്റെ അധിപതികൾ" എന്നും "ആകാശത്തിലെ ദുഷ്ടാത്മസേനകൾ" എന്നും വിളിക്കുന്നു (എഫേസ്യർ 6:12). സത്യം പറയുന്നവരെ നിന്ദിച്ചും അപവാദം പ്രചരിപ്പിച്ചു ബലഹീനരാക്കിയും അവരുടെ വായടപ്പിക്കുക, സ്വാധീനം നഷ്ടപ്പെടുത്തുക. അന്ധകാര ശക്തികളുടെ ലക്ഷ്യം അതാണ്.

പൗലൊസ് അപ്പൊസ്തോലനെ ഉന്നംവച്ച "ജഡത്തിന്റെ ശൂലത്തെ"പ്പറ്റി ദൈവവചനം വിവരങ്ങൾ നൽകുന്നുണ്ട് (2 കൊരി ന്ത്യർ 12:7-9). അദ്ദേഹത്തെ ശാരീരികമായും മാനസ്സികമായും അല ട്ടിയ ഒരു രോഗമായിരുന്നു അത്. പാപശാന്തിയും രോഗശാന്തിയും പ്രസംഗിച്ച പൗലൊസിന് രോഗമോ? അതൊരു വിരോധാഭാസമായി ഉയർത്തിക്കാണിച്ച് അദ്ദേഹത്തിന്റെ വായടപ്പിക്കുകയായിരുന്നു സാത്താന്റെ ദൂതന്മാരുടെ ലക്ഷ്യം. എന്നാൽ, ദൈവകൃപ ബലഹീന തയിൽ തുണനിന്നു; സാത്താന്റെ കക്ഷികൾ വിജയിച്ചില്ല.

ചില ദൈവദാസന്മാരുടെ പ്രാർത്ഥനമൂലം അനേകർക്ക് രോഗ ങ്ങളിൽ നിന്നും മറ്റു പ്രശ്നങ്ങളിൽനിന്നും വിടുതൽ ലഭിക്കുന്നു. എന്നാൽ, അവർ വ്യാജാരാധനയ്ക്കെതിരെ ശബ്ദമുയർത്തി തുടങ്ങു മ്പോൾ ചിലപ്പോൾ അവരുടെ സ്വന്തം ഭവനങ്ങളിൽ, സഭകളിൽ, തുട രെതുടരെ രോഗങ്ങളും അപകടമരണങ്ങളും ഉണ്ടാകുന്നു. അവരിലൂടെ ശ്രദ്ധേയമായ ആത്മീയ ഉണർവ്വ് വ്യാപരിക്കുമ്പോൾ, പെട്ടെന്ന് അവർ ഉൾപ്പെട്ടു നിൽക്കുന്ന സംഘടനകളെ കീറിമുറിക്കുന്ന അന്തഃച്ഛിദ്രങ്ങൾ! അവരുടെ സ്വാധീനം നശിപ്പിക്കാനുള്ള ദുരാത്മാക്കളുടെ പോരാട്ട ത്തിന്റെ ഫലമാണിത്.

റവ. ഓറൽ റോബർട്ട്സിന്റെ മഹായോഗങ്ങളിലൂടെ ലോകത്തെ മ്പാടും എത്രയോ ലക്ഷം ആളുകൾ മദ്യപാനത്തിൽ നിന്നും മാറാരോ ഗങ്ങളിൽനിന്നും വിമുക്തരായിട്ടുണ്ട്. എന്നാൽ, അദ്ദേഹത്തിന്റെ മൂത്ത മകൻ മയക്കുമരുന്നിന് അടിമയായി; ഒടുവിൽ അയാൾ ആത്മഹത്യ ചെയ്തു. ഒരു മകൾ വിമാനാപകടത്തിൽ കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ ആത്മകഥയിൽ ഇതൊക്കെ മറച്ചുവയ്ക്കാതെ എഴുതിവച്ചിട്ടുണ്ട്. റവ.



# മനുഷ്യരെ മധ്യസ്ഥരാക്കരുതെ!

സെപ്റ്റംബർ 5, 1997, വെള്ളി. വൈകിട്ട് 7.30.

അത്താഴം കഴിച്ചശേഷം മദർതെരേസ ഏതാനും കന്യാസ്ത്രീക ളോടൊപ്പം പ്രാർത്ഥന നടത്തി. പിന്നീട് കിടക്കമുറിയിലെത്തി.

"എനിക്കു ശ്വാസം മുട്ടുന്നു". വേദനാസ്വരത്തിൽ അവർ പറഞ്ഞു. മദർഹൗസിലെ കന്യാസ്ത്രീകൾ ചുറ്റുംകൂടി. ഡോക്ടർ ഓടിയെത്തി.

ആദ്യം ഒരു ഗ്ലാസ് വെള്ളം നൽകി. വെള്ളം കുടിച്ചുകൊണ്ടിരു ന്നപ്പോൾ മദർ കൂടുതൽ ബലഹീനയായി. ഗ്ലാസ് നിലത്തു വീണു; മദർ മോഹാലസയായി കിടക്കയിലേക്കും.

പ്രഥമ ശുശ്രൂഷകൾ നൽകി. വൈദ്യസഹായവും. എന്നാൽ, ഒന്നും ഫലവത്തായില്ല. ഒൻപതര മണി ആയപ്പോൾ അവർ ലോക ത്തോടു യാത്ര പറഞ്ഞു. കൽക്കത്തയെ കണ്ണീരിലാഴ്ത്തിയ സംഭവം.

വ്രണങ്ങൾ മാന്തി, മലിനജലം മോന്തി അലഞ്ഞുനടന്ന ജനല ക്ഷങ്ങൾക്ക് സംരക്ഷണം നൽകിയ തപസ്വിനി. വഴിവക്കിലുപേക്ഷി ക്കപ്പെട്ട ആയിരക്കണക്കിനു പിഞ്ചുപൈതങ്ങളെ കോരിയെടുത്ത് ഊട്ടി വളർത്തിയ സന്യാസിനി. വേദനിക്കുന്ന പാവങ്ങളുടെ മുഖങ്ങളിൽ ക്രിസ്തുവിനെ ദർശിച്ച ദൈവദാസി. അഗതികളുടെ മാതാവ്... ആയി രങ്ങളുടെ അമ്മ...

ആയിരം പ്രസംഗങ്ങൾ കൊണ്ടു പഠിപ്പിക്കുവാൻ കഴിയാത്ത കാര്യങ്ങൾ പ്രവൃത്തികൾകൊണ്ടു പഠിപ്പിച്ച് സ്നേഹത്തിന്റെ അർത്ഥവും വ്യാപ്തിയും ലോകത്തിനു തുറന്നു കാട്ടിക്കൊടുത്ത മദർ തെരേസയുടെ ശരീരം വഹിച്ച മഞ്ചം ഇന്ത്യയുടെ ദേശീയ പതാക കൊണ്ടു പൊതിഞ്ഞു. ജനലക്ഷങ്ങളുടെ അശ്രുപൂജ ഏറ്റുവാങ്ങി ക്കൊണ്ട് ആ ശരീരം നേതാജി സ്റ്റേഡിയത്തിലേക്കും പിന്നീട് അന്ത്യ

വിശ്രമസ്ഥലത്തേക്കും യാത്രയായി. മഹാത്മഗാന്ധിയുടെ മൃതദേഹം കൊണ്ടപോയ ഗൺകാര്യേജിലാണ് മദറിന്റെ മൃതദേഹവും കല്ലറയിലേക്ക് കൊണ്ടുപോയത്.

മദർ തെരേസയെ ലോകം വിലയിരുത്തിക്കഴിഞ്ഞു. 'നരകത്തിന്റെ മലാഖ' എന്ന പേരു ചാർത്തി അവരെ തരംതാഴ്ത്താൻ ശ്രമിച്ച ഏതാനും ചലച്ചിത്രസംവിധായകർക്കെതിരെ ലോകത്തിന്റെ കോപം ജ്വലിച്ചു. "പണക്കാരുടെയും പ്രശസ്തരുടെയും മിത്രം" എന്ന പേരു ചാർത്തി അവരെ താറടിക്കാൻ ശ്രമിച്ച പത്രലേഖകർക്കെതിരെ കൽക്കത്താ തെരുവുകളിലെ ജനലക്ഷങ്ങളുടെ രോഷം തിളച്ചുപൊങ്ങി. ഈ കത്തോലിക്കാ സന്യാസിനിയുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്ത വിശ്വഹിന്ദു പരിഷത് പ്രവർത്തകരുടെ നാവുകൾ ലോകത്തെമ്പാടുമുള്ള മാധ്യമങ്ങളുടെ ശക്തമായ പ്രതിഷേധങ്ങൾക്കു മുമ്പിൽ നിശബ്ദമായി.

മദറിന്റെ സംസ്ക്കാരദിനം (സെപ്റ്റംബർ 13) ഇന്ത്യ ദേശീയ ദുഃഖാചരണദിനമായി പ്രഖ്യാപിച്ചു. അന്ന് ഇന്ത്യൻ പതാക താഴ്ത്തിക്കെട്ടി. ആചാരവെടികൾ മുഴങ്ങി. അന്ത്യോപചാരങ്ങൾ അർപ്പിക്കുവാൻ ഇന്ത്യയിലേക്കു പ്രവഹിച്ച ലോകനേതാക്കളുടെ തിക്കും തിരക്കുമായിരുന്നു എല്ലാ എയർപോർട്ടുകളിലും.

നിസ്വാർത്ഥ സേവനത്തിന്റെ പര്യായമായി മദർതെരേസ ലോകചരിത്രത്തിൽ സ്ഥാനം പിടിച്ചു. ആ സ്ഥാനം ഇനി എന്നും മാറ്റമില്ലാതെ നിലനില്ക്കുകയും ചെയ്യും.

വാർത്തകൾക്ക് സാധാരണയായി ഞാൻ പത്രങ്ങളെയാണ് ആശ്രയിക്കുന്നത്. അപൂർവ്വമായി മാത്രമേ ടെലിവിഷൻ പരിപാടികൾ കാണാറുള്ളു. മദർ തെരേസ മരണപ്പെട്ടതിന്റെ പിറ്റേദിവസം നടന്ന ഡയാനാരാജകുമാരിയുടെ ശവസംസ്ക്കാര ചടങ്ങുകൾ ഇരുനൂറുകോടി ജനങ്ങൾ ടെലിവിഷനിലൂടെ ദർശിച്ചു എന്നാണ് കണക്ക്. അക്കൂട്ടത്തിൽ ഞാൻ ഇല്ലായിരുന്നു. ആ വേളയിൽ ഞാൻ ടെലിവിഷൻ ഓൺ ചെയ്തതുപോലുമില്ല. നാല്പത്തഞ്ചു മിനിട്ടുകൾ നീണ്ടുനിന്ന ഒരു ചടങ്ങായിരുന്നു അത് എന്ന് പിന്നീടു കേട്ടു.

എന്നാൽ, മൂന്നു മണിക്കൂറുകൾ നീണ്ടുനിന്ന മദർ തെരേസയുടെ സംസ്ക്കാരചടങ്ങുകൾ ഞാൻ ഇമ വെട്ടാതെ വീക്ഷിച്ചു- അവരോടുള്ള എന്റെ ആദരവ് അത്രമാത്രം വലുതായിരുന്നു. അമേരിക്കയിൽ അപ്പോൾ പാതിരാത്രി കഴിഞ്ഞിരുന്നു.



മദർ തെരേസ ജീവകാരുണ്യ രംഗത്തു ചെയ്ത സ്തുത്യർഹമായ സേവനങ്ങൾ നമുക്ക് ഉത്തേജനം തരട്ടെ. വരുംതലമുറകൾക്ക് അവരുടെ സേവനങ്ങൾ മാർഗ്ഗദർശനം നൽകാൻ ഇടവരത്തക്കവിധം മദറിന്റെ ത്യാഗോജ്ജ്വലജീവിതത്തെപ്പറ്റിയുള്ള വിവരങ്ങൾ ചരിത്രത്തിന്റെ പേജുകളിൽ രേഖപ്പെടുത്തി വയ്ക്കാം.

എന്നാൽ മദറിന്റെ ആരാധകരിൽ ചിലർ പിൻതുടരുന്ന അനാചാരങ്ങൾക്കെതിരെ പ്രതികരിക്കുക. മദറിന്റെ പ്രതിമകൾക്കു മുമ്പിൽ കുമ്പിട്ട് അനുഗ്രഹം തേടുന്ന അന്യമതസ്ഥരെ നാം ഗൗനിക്കേണ്ടതല്ലേ? നാം സ്നേഹിക്കുകയും നമ്മെ സ്നേഹിക്കുകയും ചെയ്യുന്ന ഹിന്ദുക്കളെയും മുസ്ലിങ്ങളെയും മദർഹൗസിലും മലകളിലും വിളിച്ചുവരുത്തി വഞ്ചിക്കുന്നതു ശരിയല്ലല്ലോ.

മരിച്ച മതാദ്ധ്യക്ഷരുടെ മോതിരങ്ങൾ പള്ളിക്കുരിശുകളിൽ വിളക്കിച്ചേർത്തും, തലയോടുകൾ രൂപക്കൂടുകളിൽ പ്രതിഷ്ഠിച്ചും, നഖച്ചീളുകൾ അംശവടികളിൽ കൊളുത്തിയും, വസ്ത്രത്തുണ്ടുകൾ ജപമാലകളിൽ കോർത്തിണക്കിയും, മുറിപ്പല്ലുകൾ വജ്രപ്പശയിൽ മുക്കി സ്ഥാനത്തൊപ്പികളിൽ ഒട്ടിച്ചുചേർത്തും, മുടിയിഴകൾ അൾത്താരകളിൽ പതിപ്പിച്ചും വിഗ്രഹാരാധന തിരുസഭയിൽ വ്യാപകമാക്കിയ കുറ്റം സഭ ഏറ്റുപറയുമോ?

ചരിത്രം പരിശോധിച്ചാൽ, അനാചാരങ്ങൾക്കെതിരെ പ്രതികരിച്ചവർ എല്ലാ കാലഘട്ടങ്ങളിലും പീഡിപ്പിക്കപ്പെട്ടിട്ടുണ്ട് എന്നു മനസ്സിലാക്കാം. സത്യപ്രവാചകന്മാരെ കല്ലെറിയുകയും, കോടതികളിൽ വിസ്തരിച്ച് നേരെ കൊലക്കളത്തിലേക്ക് അയയ്ക്കുകയും, കള്ളകേസുകൾ നിർമ്മിച്ച് തടവറകളിൽ ബന്ധിക്കയും ചെയ്ത ചരിത്രങ്ങൾ. സത്യസുവിശേഷകർക്കെതിരെ മുടക്കുകൾ കല്പിച്ച് സഭ അവരെ ഒറ്റപ്പെടുത്തിയ സംഭവങ്ങൾ. സത്യത്തിലും ആത്മാവിലും ദൈവത്തെ സ്തുതിക്കുന്നവരുടെ ആരാധനാമന്ദിരങ്ങൾ തീവച്ചു നശിപ്പിച്ചിട്ടുള്ള സംഭവങ്ങൾ. ഇന്നും ഇത്തരം ക്രൂരതകൾ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

കുറെപ്പേരെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കാനുള്ള നടപടികൾ തകൃതിയായി നടക്കുന്നു. അപ്പോൾ തന്നെ മറുവശത്ത് സത്യം പ്രസംഗിക്കുന്ന സുവിശേഷകന്മാരെ "താഴ്ത്തപ്പെട്ടവരായി" മുദ്രയടിക്കാനുള്ള കരടു പദ്ധതികൾ ആവിഷ്ക്കരണം ചെയ്യുകയാണ്.

വ്യാജാരാധനയുടെയും അനാചാരങ്ങളുടെയും ചാലകശക്തി

ദൈവം ക്ഷമ ആകുന്നു. എന്നാൽ, ദൈവം "ദഹിപ്പിച്ചു സംഹരിക്കുന്ന അഗ്നി"യും കൂടിയാണെന്ന് എബ്രായലേഖനം മുന്നറിയിപ്പു നൽകുന്നു (12:29). ദൈവത്തിന്റെ ക്ഷമയെ പരീക്ഷിക്കുന്നത് വലിയ അപകടമാണ്.

സ്നേഹിതാ, ഇത് നിങ്ങളുടെ രക്ഷയുടെ കാര്യമാണ്. ആത്മാവിന്റെ കാര്യമാണ്. മതനേതാക്കൾ നിങ്ങളെ പഠിപ്പിച്ച കാര്യങ്ങൾ സത്യമോ അല്ലയോ എന്നു പരിശോധിക്കാനുള്ള ഉത്തരവാദിത്തം നിങ്ങൾക്കുണ്ട്. 'പുതിയ നിയമം' മൊത്തം വായിച്ചു പഠിക്കുവാൻ ഞാൻ ഒരുവട്ടംകൂടി നിങ്ങളെ ആഹ്വാനം ചെയ്യുന്നു. യേശുക്രിസ്തു പറഞ്ഞതും പഠിപ്പിച്ചതും പ്രവർത്തിച്ചതുമായ കാര്യങ്ങൾ പുതിയനിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങളിൽ ഉണ്ട് (സുവിശേഷങ്ങൾ). അഞ്ചാമത്തെ പുസ്തകം അപ്പൊസ്തൊല പ്രവൃത്തികൾ. യേശുക്രിസ്തുവിനെ നേരിൽകണ്ട അപ്പൊസ്തൊലന്മാരിൽ ചിലർ ക്രിസ്തുവിനെ എങ്ങനെ അനുകരിച്ചു എന്ന് ഈ പുസ്തകത്തിൽ വിവരിക്കുന്നു. തൊട്ടുപിന്നിൽ അപ്പൊസ്തൊലന്മാർ എഴുതിയ ഇരുപത്തൊന്നു കത്തുകൾ (ലേഖനങ്ങൾ). ഒടുവിലത്തെ കൃതി വെളിപാട്-അപ്പൊസ്തൊലനായ യോഹന്നാന്റെ ദർശനങ്ങളാണ് വിഷയം.

യേശുക്രിസ്തു ഈ ഭൂമിയിൽ ശുശ്രൂഷിച്ച നൂറ്റാണ്ടിൽ തന്നെ എഴുതി തീർത്തവയാണ് പുതിയ നിയമത്തിലെ പുസ്കങ്ങൾ എല്ലാം. ഗ്രന്ഥകർത്താക്കളിൽ പലരും യേശുക്രിസ്തുവിനോടൊത്തു താമസിച്ചു പ്രവർത്തിച്ചവർ. മറ്റുള്ള ഗ്രന്ഥകർത്താക്കളിൽ പലരും യേശുക്രിസ്തുവിനോടൊത്തു പ്രവർത്തിച്ച ശിഷ്യന്മാരുടെ പാദപീഠത്തിലിരുന്ന് പഠിച്ചും അവരുമായി ദീർഘസംഭാഷണങ്ങളിൽ ഏർപ്പെട്ടും സത്യസുവിശേഷം ഗ്രഹിച്ചവർ. സത്യവും അസത്യവും വ്യവച്ഛേദിച്ചറിയാനാവശ്യമായ എല്ലാ വിവരങ്ങളും 'പുതിയ നിയമ'ത്തിലൂടെ ഇവർ നൽകുന്നുണ്ട്.

ഇന്ന് മദർ തെരേസയോടും മൺമറഞ്ഞ മറ്റ് ആത്മീയ ശുശ്രൂഷകരോടും ഉള്ള ബന്ധത്തിൽ കത്തോലിക്കാസഭ സംഘടിപ്പിക്കുന്ന ചടങ്ങുകൾ 'പുതിയനിയമ'പ്രമാണങ്ങൾക്ക് അനുയോജ്യമോ എന്ന് നിങ്ങൾ തന്നെ പരിശോധിക്കുക. സഭാദ്ധ്യക്ഷന്മാർ രചിച്ച വ്യാഖ്യാന കൃതികൾ അല്ല, മൂലകൃതിയായ 'പുതിയ നിയമം' തന്നെ ആദ്യം വായിക്കുക. സത്യാന്വേഷണം നടത്താനുള്ള കഴിവ് ദൈവം സൃഷ്ടിച്ച നിങ്ങളുടെ മനസ്സിനുണ്ട്. നിങ്ങളുടെ തലച്ചോറിനെയും ഹൃദയത്തെയും അടിമപ്പണിയ്ക്കുവേണ്ടി പണയം വയ്ക്കരുത്. നിങ്ങളുടെ സമാധാനത്തിനുവേണ്ടി ഒരു ആത്മീയസ്വാതന്ത്ര്യദിനം പ്രഖ്യാപിക്കുക.



ചടങ്ങുകൾ കണ്ടശേഷം അന്ന് കിടക്കയിലേക്കു വീണപ്പോൾ ഒട്ടനവധി ചിന്തകൾ എന്നെ അലട്ടി.

മദർതെരേസയുടെ പേരിൽ ഇനി എന്തെല്ലാം അനാചാരങ്ങളാണ് അരങ്ങേറാൻ പോകുന്നത്! പലതും കത്തോലിക്കാസഭയുടെ ആശിർവാദത്തോടുകൂടിയും.

മദർ തെരേസയെപ്പറ്റി ചിലർ അന്ന് ടെലിവിഷനിൽ പറഞ്ഞ വിശേഷണങ്ങളും എന്നെ ചിന്തിപ്പിച്ചു.

"സ്വർഗ്ഗം അയച്ച മാലാഖ." വിശേഷണങ്ങളിൽ ഒന്ന്.

"ദൈവത്തിന്റെ അവതാരം." മറ്റൊരു ബഹുമതി.

"സഭയുടെ പൊൻവിളക്ക്," "സമാധാനത്തിന്റെ വെള്ളരിപ്രാവ്," "നീതിയുടെ പ്രവാചിക," "അനാഥരുടെ അഭയം," "നൂറ്റാണ്ടിന്റെ അമ്മ."

"ദിവ്യസാന്നിദ്ധ്യം" എന്നുവരെ പറഞ്ഞുവയ്ക്കാൻ ചിലർ തുനിഞ്ഞു.

ഇവയിൽ മിക്കവയും മദർ തെരേസയുടെ വ്യക്തിത്വത്തിന് അനുയോജ്യം തന്നെ. എന്നാൽ ചില ബഹുമതികളെങ്കിലും അധികപ്പറ്റാണെന്നു തുറന്നുപറയാനുള്ള സ്വാതന്ത്ര്യം ഞാൻ എടുക്കുകയാണ്.

നേതാജി സ്റ്റേഡിയത്തിൽ നടന്ന പ്രാർത്ഥനക്കിടയിൽ ഒരു സഭാമേലദ്ധ്യക്ഷൻ മദർ തെരേസയുടെ ആത്മാവിനുവേണ്ടിയും ആത്മാവിനോടും പ്രാർത്ഥിക്കുന്നതു കേട്ടു. മനുഷ്യനും ദൈവത്തിനും മദ്ധ്യത്തിലുള്ള ഏക മദ്ധ്യസ്ഥൻ ക്രിസ്തു എന്ന് പൗലൊസ് അപ്പോസ്തോലൻ തറപ്പിച്ചു പറഞ്ഞ കാര്യം (1 തിമൊഥെയോസ് 2:5) നന്നായി അറിയാവുന്ന മതനേതാക്കൾ തന്നെയാണ് ഇങ്ങനെ പ്രാർത്ഥിച്ചത്.

വിരോധാഭാസം അതു മാത്രമല്ല. മദർ തെരേസയുടെ ആത്മാവിന്റെ മോക്ഷത്തിനുവേണ്ടിയാണ് അദ്ദേഹം ആദ്യം പ്രാർത്ഥിച്ചത്. അതിന്റെ അർത്ഥം അവരുടെ ആത്മാവ് രക്ഷപ്പെട്ടിട്ടില്ല എന്നല്ലേ? പിന്നെ, അവിടെ വന്നുകൂടിയിരിക്കുന്നവരുടെ ആത്മാക്കളെക്കൂടി രക്ഷിച്ചെടുക്കാനുള്ള ഒത്താശകൾക്കുവേണ്ടി മദർ തെരേസയുടെ ആത്മാവിനോടു പ്രാർത്ഥിച്ചാലോ? വിവേകശൂന്യതയല്ലേ!

മദറിന്റെ ശരീരം സംസ്കരിച്ചതുതന്നെ "പ്രത്യേകം തയ്യാറാക്കിയ" ഒരു കല്ലറയിലാണ്. ഉപവിയുടെ സഹോദരിമാരുടെ ആസ്ഥാനമായ മദർഹൗസിന്റെ ഒന്നാം നിലയിലുള്ള മനോഹരമായ ഒരു കല്ലറയിൽ. ഇവിടം ഒരു പുണ്യസ്ഥലമായി പ്രഖ്യാപിക്കുമെന്ന് അന്നേ ഞാൻ ഊഹിച്ചാതാണ്.

മദർ ജീവിച്ചിരിക്കുമ്പോൾ മദറിന് ഹസ്തദാനം നൽകിയ പത്ര ലേഖകന്റെ കരം തൊട്ടു വണങ്ങാൻ പ്രമുഖനായ ഒരു പത്രാധിപർ ആഗ്രഹം പ്രകടിപ്പിച്ച വിവരം പത്രത്തിൽ വായിക്കുകയുണ്ടായി.

1996-ൽ ഞാൻ കേരളം സന്ദർശിച്ചപ്പോൾ പത്രത്തിൽ വായിച്ചതും ഓർമിക്കുന്നു. മദർ രോഗിണിയായി കിടക്കുമ്പോൾ കൽക്കത്തയിലെ ചില തെരുവുകൾക്കു സമീപമുള്ള മൺകൂനകളിൽ ചിലർ മദറിന്റെ ഫോട്ടോ ഒട്ടിച്ച ബോർഡുകൾ സ്ഥാപിച്ച് അവയ്ക്കു മുമ്പിൽ മുട്ടു കുത്തി നമസ്ക്കാരകർമ്മങ്ങൾ നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്ത വാർത്തയായിരുന്നു അത്. സുഖം പ്രാപിച്ചപ്പോൾ ഇത്തരം മനുഷ്യപൂജയെ മദർ തെരേസ വിലക്കിയില്ലല്ലോ എന്നോർത്തപ്പോൾ ഖേദം തോന്നി. പ്രാർത്ഥിച്ചതല്ല തെറ്റ്. മനുഷ്യരൂപത്തെ തൊട്ടുവണ ങ്ങിയതാണ് വേദവിരുദ്ധം.

മദറിന്റെ മൃതശരീരം ടെലിവിഷനിലൂടെ ഞാൻ പ്രത്യേകം ശ്രദ്ധി ച്ചു. കൈയിൽ ജപമാല കോർത്തുവച്ചിട്ടുണ്ട്. കത്തോലിക്കാ സഭയുടെ അന്ധവിശ്വാസങ്ങൾ പലതും മൂകമായി വിളിച്ചോതുന്ന ഒന്നാണ് ആ ജപമാല. യേശുക്രിസ്തുവിന്റെ മാദ്ധ്യസ്ഥ്യം സൗകര്യപൂർവ്വം ഒതുക്കി നിർത്തിക്കൊണ്ട് കന്യാമറിയത്തെക്കൂടി മദ്ധ്യസ്ഥയായി അംഗീകരിക്കുന്ന പ്രാർത്ഥനയാണ് കൊന്ത നമസ്ക്കാരത്തിൽ ഉടനീളം കേൾക്കാവുന്നത്.

മദർ ജീവിച്ചിരുന്ന കാലത്ത് ലോകോത്തരസമ്മാനങ്ങൾ ആ മഹി ളയെ തേടിയെത്തി. മെഡലുകൾ ഉരുക്കിവിറ്റ് അവർ പാവങ്ങൾക്ക് ഭക്ഷണം നൽകി. എന്നാൽ, 1962-ൽ ഇന്ത്യ നൽകിയ പത്മശ്രീ അവാർഡു മാത്രം നിർമൽ ഭവന്റെ പ്രധാന കവാടത്തിലുള്ള കന്യാമറിയത്തിന്റെ "തിരുരൂപ"ത്തിന്മേൽ റിബ്ബൺ ചാർത്തി പ്രതിഷ്ഠിക്കയുണ്ടായി. മദറിന്റെ നിർദ്ദേശപ്രകാരമാണ് അങ്ങനെ ചെയ്തത്. വാഷിംഗ്ടനിലെ നാഷണൽ ഷ്റൈനിൽ സ്ഥാപിച്ച വേളാങ്കണ്ണി മാതാവിന്റെ അൾത്താരയ്ക്ക് "മദ റിന്റെ എല്ലാ പിന്തുണകളും ഉണ്ടായിരുന്നു" എന്ന് അമേരിക്കയിൽ പ്രസി ദ്ധീകരിക്കുന്ന ഒരു പത്രത്തിൽ വായിക്കയുണ്ടായി.

1937-ൽ നിത്യവ്രത വാഗ്ദാനം എടുത്തതുമുതൽ (അതിനുമുമ്പും) അതിവിശുദ്ധ ജീവിതം നയിച്ച് സഭയുടെ ആദരവു നേടിയ മദറിന് കത്തോലിക്കാ സഭയുടെ അനാചാരങ്ങൾക്കെതിരെ വിരൽ ചൂണ്ടാൻ കഴിഞ്ഞില്ല. പല ദുരാചാരങ്ങളെയും അവരുടെ ഒത്താശയോടുകൂടി സഭ ഉറപ്പിക്കുകയും ചെയ്തു.

ദൈവമുമ്പിൽ നാം അർപ്പിക്കുന്ന പ്രാർത്ഥനകൾകേട്ട് നമുക്കു



പ്രവൃർത്തികൾ, വിശുദ്ധ കുർബാന എന്നിവയിലൂടെ അവരെ സഹാ യിക്കാം എന്നാണ്. പക്ഷേ, ഒരു വിരുതൻ എഴുതി, മരിച്ചുപോയ വിശ്വാ സികളെ നമുക്കു പലവിധത്തിലും സഹായിക്കാം. അവർക്കുള്ള കുഴി വെട്ടി കൊടുക്കണം. അവർക്ക് ആവശ്യമായ മണ്ണിട്ടു കൊടുക്കണം. അഥവാ, അവർ മരിച്ചിട്ടില്ലെങ്കിൽ അവരെ നമ്മൾ ആശ്വസിപ്പിക്കണം."

സ്വന്തം വിദ്യാർത്ഥിക്ക് തെറ്റുപറ്റിയിരിക്കുന്നു എന്നാണ് വേദാ ദ്ധ്യാപകൻ ഇവിടെ പറഞ്ഞുവച്ചിരിക്കുന്നത്. അദ്ദേഹം തന്നെ ശരി യായ ഉത്തരം നൽകുകയും ചെയ്തിരിക്കുന്നു! എന്നാൽ വേദപുസ്ത കപ്രകാരം ശരിയായ ഉത്തരം ഏതാണ്?

യഥാർത്ഥത്തിൽ ഇവിടെ വാസ്തവം പറഞ്ഞത് ആ കൊച്ചുകു ട്ടിയാണ്. മാന്യമായ ശവസംസ്കാരം ചെയ്തുകൊടുക്കുക എന്നതിൽ കവിഞ്ഞ് മറ്റൊന്നും നമുക്കു ചെയ്യാനില്ല. വല്ലതും ചെയ്യാമെന്നു കരുതി ബദ്ധപ്പെട്ടാലും പ്രയോജനം ഒന്നുമില്ല.

ഇന്ന് ചില മതബോധന ക്ലാസുകളിൽ കുട്ടികളെ പഠിപ്പിക്കുന്നത് ശുദ്ധ അബദ്ധങ്ങളാണ്.

മരിച്ചവരുടെ സ്ഥാനക്കയറ്റത്തിനും സ്ഥാനമാറ്റത്തിനും വേണ്ടി യുള്ള ക്രിസ്ത്യാനിയുടെ പരിശ്രമങ്ങളും സുകൃതജപങ്ങളും അവസാ നിപ്പിക്കേണ്ട സമയം അമാന്തിച്ചിരിക്കുന്നു. ഇതിനുവേണ്ടി ചെലവാ ക്കുന്ന പണവും സമയവും ദീനകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കരുതോ?

ഇപ്പോൾ ജീവിച്ചിരിക്കുന്ന നമ്മുടെ ആത്മാവിനുവേണ്ടി മദർ തെരേസയോടും മറ്റ് മൺമറഞ്ഞ വിശുദ്ധരോടും പ്രാർത്ഥിക്കുന്നതും പാഴ്വേലയാണ്.

ഉദ്ദിഷ്ട കാര്യങ്ങൾക്കുവേണ്ടി മനുഷ്യകുലത്തിൽ പിറന്നവരുടെ മാദ്ധ്യസ്ഥ്യം തേടുന്നവർ അറിഞ്ഞോ അറിയാതെയോ ദൈവകല്പന കൾ ലംഘിക്കുകയാണ്. ദൈവത്തിന്റെ പദവിയിലേക്ക് മനുഷ്യരെ ഉയർത്തുവാൻ ശ്രമിക്കുന്നത് ഒരുതരം വിഗ്രഹാരാധനയാണ്. കാൽവ റിയിൽവച്ച് അനുരഞ്ജനത്തിന്റെ ശുശ്രൂഷ പൂർണമായി നിർവ്വഹിച്ചെ ടുത്ത യേശുക്രിസ്തുവിനുമാത്രം ചെയ്തു തരാൻ കഴിയുന്ന കാര്യ ങ്ങൾക്കുവേണ്ടി ജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരുമായ വിശുദ്ധരുടെ ഒത്താശ തേടുന്നത് അങ്ങേയറ്റം ഗൗരവമായ പാപമാണ്. ദൈവത്തിന്റെ ദീർഘക്ഷമയുടെ മറവിൽ രക്ഷപ്പെടാമെന്നു കരുതുന്നത് അതിലും വലിയ സാഹസം! ദൈവം സ്നേഹം ആകുന്നു (1 യോഹന്നാൻ 4:16).

പ്രാർത്ഥനകൾക്ക് മറുപടി താമസിക്കുമ്പോൾ, അല്ലെങ്കിൽ സ്വന്തം അഭിലാഷങ്ങൾക്കനുസൃതമായി മറുപടി കിട്ടാതെ വരുമ്പോൾ, ചിലർ ദൈവം നിയോഗിച്ച ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുവിനെ മറികടന്ന് വേറെ മദ്ധ്യസ്ഥരെ തേടുന്നു. ഇത് അന്യദേവന്മാരെ അന്വേഷിച്ചലയുന്നതിനു തുല്യമാണ്. ജാഗ്രത!

മദർ തെരേസയുടെ നിത്യതയുടെ കാര്യം ആ ബഹുമാന്യ മഹിള മരണപ്പെട്ട നിമിഷത്തിൽ തന്നെ ദൈവം നിശ്ചയിച്ചു കഴിഞ്ഞു. ഹൃദയത്തെ ആഴത്തിൽ കാണുന്ന ദൈവം. സർവ്വകാരുണ്യവാനും നീതിമാനും ആയ ദൈവം. ജനനം മുതൽ മരണം വരെയുള്ള ഭൗമികജീവിതത്തിന്റെ ആകെത്തുക നന്നായി ഗ്രഹിച്ചറിയുന്ന തമ്പുരാൻ മദറിനെ അവർ എത്തേണ്ട സ്ഥാനത്ത് എത്തിച്ചു കഴിഞ്ഞു. അതുകൊണ്ട്, ഇനി അവരുടെ ആത്മാവിനുവേണ്ടി പ്രാർത്ഥിച്ച് അവരുടെ സ്ഥാനം കൂടുതൽ ഉറപ്പിക്കാനോ സ്ഥാനം മാറ്റാനോ സാദ്ധ്യമല്ല.

ഇക്കാര്യം കൂടുതൽ വ്യക്തമാകണമെങ്കിൽ പൗലൊസ് ശ്ലീഹ കൊരിന്ത്യാ സഭയ്ക്കെഴുതിയ രണ്ടാം ലേഖനത്തിലെ ഒരു വാക്യം ശ്രദ്ധിച്ചു വായിക്കുക: “അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നന്മയാകിലും തിന്മയാകിലും അതിനു തക്കവണ്ണം പ്രതിഫലം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (5:10).” ജീവിച്ചിരിക്കുമ്പോൾ ക്രിസ്തുവിന്റെ പ്രായശ്ചിത്ത യാഗത്തോടുള്ള ബന്ധത്തിൽ ഒരു വ്യക്തി എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലും അവനവന്റെ പ്രവൃത്തികളുടെ അടിസ്ഥാനത്തിലും ആയിരിക്കും ഓരോ വ്യക്തിയുടെയും നിത്യത നിശ്ചയിക്കപ്പെടുന്നത്. കൊരിന്ത്യലേഖനം മൊത്തം വായിച്ചാൽ ഈ വിഷയം കൂടുതൽ വ്യക്തമാകും. സംശയം മാറാത്തവർ ‘പുതിയനിയമം’ ആദിയോടന്തം ഒന്നുരണ്ടു വട്ടം വായിക്കുക.

കഴിഞ്ഞ ദിവസം മലയാള മനോരമയുടെ ഓൺ-ലൈൻ പതിപ്പിൽ ‘അനുഭവം’ എന്ന പംക്തിയിൽ മതാദ്ധ്യാപകനായ ഒരാൾ എഴുതിയ രസാവഹമായ ഒരു അനുഭവം വായിക്കയുണ്ടായി. അത് അപ്പടി താഴെ ഉദ്ധരിക്കുന്നു.

“ഞാൻ സൺഡേ സ്കൂളിൽ എട്ടാം ക്ലാസിലെ അദ്ധ്യാപകനാണ്. ഈ വർഷം പരീക്ഷയ്ക്ക് ഒരു ചോദ്യം ഉണ്ടായിരുന്നു. മരിച്ചു പോയ വിശ്വാസികളെ ഭൂവാസികളായ നമുക്ക് എങ്ങനെയെല്ലാം സഹായിക്കാം? ശരിയായ ഉത്തരം പ്രാർത്ഥന, ദാനധർമ്മം, പരിഹാര



വേണ്ടി മാദ്ധ്യസ്ഥ്യം നടത്തുവാൻ കഴിവുള്ള ഒരു വ്യക്തി മാത്രമേ ഉള്ളു – യേശുക്രിസ്തു. സ്വർഗ്ഗത്തിനും ഭൂമിയ്ക്കും മദ്ധ്യേ ഉയർത്തിയ കാൽവറിയിലെ കുരിശിൽ മനുഷ്യവർഗത്തിന്റെ പാപത്തിനു പ്രായശ്ചിത്തമായി സ്വന്തം ജീവൻ അർപ്പണം ചെയ്ത കുഞ്ഞാട്! മനുഷ്യനും ദൈവത്തിനും മദ്ധ്യേ ‘നിരപ്പിന്റെ’ ശുശ്രൂഷ നിർവഹിച്ചുകൊണ്ട് “സകലവും നിവർത്തിയായി” എന്ന് ഗോൽഗോഥാ മലമുകളിൽ അന്ത്യശ്വാസം വലിച്ചുകൊണ്ട് പ്രഖ്യാപിച്ച ദൈവപുത്രൻ! മനുഷ്യനെയും ദൈവത്തെയും തമ്മിൽ അടുപ്പിക്കുവാൻ രക്ഷയുടെ പാലം പണിതുയർത്തിയ ബേത്‌ലഹേമിലെ അവതാരം.

സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയും ആയ ഒരാൾക്കു മാത്രമേ മാദ്ധ്യസ്ഥ്യത്തിന്റെ ശുശ്രൂഷ ചെയ്യുവാൻ സാധിക്കയുള്ളു. യേശുക്രിസ്തു സർവ്വശക്തനാണ്. സർവ്വവ്യാപിയാണ്. സർവ്വജ്ഞാനിയാണ്. മദർ തെരേസയ്ക്കോ കന്യാമറിയത്തിനോ മൺമറഞ്ഞ പുണ്യവാളന്മാർക്കോ പുണ്യവതികൾക്കോ ഈ വിശേഷസിദ്ധികൾ ഇല്ല. ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളിലിരുന്ന് പ്രാർത്ഥിക്കുന്നവരുടെ യാചനാവിഷയങ്ങൾ അറിയാനുള്ള അതീന്ദ്രിയഗ്രഹണശേഷിയൊന്നും ഇവർക്കാർക്കും ഇല്ല. വാക്കുകൾകൊണ്ട് ഉച്ചരിക്കാനാവാത്ത പ്രാർത്ഥനകളും, ഹൃദയത്തിന്റെ ഞരക്കങ്ങളും, ആത്മനൊമ്പരങ്ങളും, ആത്മാഭിലാഷങ്ങളും, മൗനയാചനകളും പിടിച്ചെടുക്കാനുള്ള ശേഷിയും ഇവർക്കില്ല.

“ആഴങ്ങൾ തേടുന്ന ദൈവം
ആത്മാവെ നേടുന്ന ദൈവം
ആഴത്തിൻ അനന്തമാം ദൂരത്തിൽ നിന്നെന്റെ
അന്തരംഗം കാണും ദൈവം”.

പാട്ടുകാരൻ പറയുന്ന സിദ്ധി പുണ്യവാളന്മാർക്കും വാഴ്ത്തപ്പെട്ടവർക്കും എങ്ങനെ കിട്ടി? എന്നു കിട്ടി?

മാലാഖമാർക്കുപോലും സർവ്വശക്തിയും സർവ്വജ്ഞാനവും സർവ്വവ്യാപകത്വവും ഇല്ല. ദൈവം നിർദ്ദേശിക്കുന്ന ഏതു സ്ഥാനത്തും എത്തിച്ചേരാനുള്ള കഴിവ് മാലാഖമാർക്കുണ്ട് എന്ന കാര്യം വേദസത്യം തന്നെ. എന്നാൽ, ഒരേ സമയത്ത് പല സ്ഥലങ്ങളിൽ ആയിരിക്കാനുള്ള സർവ്വവ്യാപകസിദ്ധി അവർക്കില്ല. ദൈവം കല്പിക്കുന്ന ചുരുക്കം ചില ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു ചെയ്യാനുള്ള കഴിവേ മാലാഖമാർക്കുള്ളു. പരിമിതികൾ ഉള്ള അസ്ഥിത്വം.

മരണപ്പെട്ട വിശുദ്ധർ ഇപ്പോൾ പറുദീസയിൽ വിശ്രമിക്കുന്നു. ഒരിക്കൽ അവർ ഉയിർത്തെഴുന്നേറ്റ് ദൈവത്തിന്റെ നിത്യരാജ്യത്തിൽ വസിക്കും. എന്നാൽ അന്നും അവർ ദൈവങ്ങളോ കുട്ടിദൈവങ്ങളോ ആയിത്തീരുകയില്ല. മരണമില്ലാത്ത ശരീരം അന്ന് അവർക്ക് ലഭിക്കും എന്നത് വേദസത്യം തന്നെ. എന്നാൽ, അപ്പോഴും അവർ സർവ്വശക്തരോ, സർവ്വവ്യാപികളോ സർവ്വജ്ഞാനികളോ ആകുകയില്ല. മറുലോകത്തിലിരുന്നുകൊണ്ട് ഭൂമിയിലെ മനുഷ്യരുടെ ആവശ്യങ്ങൾ അടുത്തറിഞ്ഞ് അനുഗ്രഹത്തിന്റെ പുഷ്പവൃഷ്ടി നടത്താനുള്ള ശേഷി വിശുദ്ധന്മാർക്ക് ഉണ്ടെന്നു പറയുന്നത് വേദവിരുദ്ധമായ അവകാശവാദമാണ്. ചുരുക്കി എഴുതട്ടെ. മനുഷ്യൻ മനുഷ്യനോട് പ്രാർത്ഥിക്കാൻ പാടില്ല. മനുഷ്യൻ ദൈവത്തോടു മാത്രമാണ് പ്രാർത്ഥിക്കേണ്ടത്. അതായത്, മനുഷ്യൻ മനുഷ്യനെ മദ്ധ്യസ്ഥനാക്കരുത്.

ലോകം കണ്ടിട്ടുള്ള വലിയ വ്യക്തികളിലൊരാളാണ് മദർ തെരേസ. മദറിന്റെ മഹത്വത്തിന് നമ്മെപ്പോലെയുള്ള കൊച്ചു മനുഷ്യരുടെ ഒത്താശ ആവശ്യവുമില്ല.

എന്നാൽ ഒരു കാര്യം മറക്കരുത്. മദർ തെരേസ നമ്മെപ്പോലെയുള്ള ഒരു മനുഷ്യവ്യക്തിയാണ്. മാലാഖയല്ല. മദ്ധ്യസ്ഥ അല്ല. "ദൈവസാന്നിദ്ധ്യവും" അല്ല.

"മദർതെരേസ കാരുണ്യത്തിന്റെ മാലാഖയാണ്. ഭൂമിയിൽ ഒരിക്കൽ മാത്രം അവതരിക്കുന്ന അത്യപൂർവ്വമായ പാവനജന്മമായിരുന്നു അവരുടേത്," അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് കെ.ആർ. നാരായണന്റെ വാക്കുകളാണിത്.

മഹാനായ കെ.ആർ. നാരായണനും ഇക്കാര്യത്തിൽ തെറ്റുപറ്റി എന്ന് വിനയപൂർവ്വം പറയട്ടെ.

മദർ തെരേസ ഒരു അവതാരം അല്ല. മറുലോകത്തിൽ നിന്നും ഭൂമിയിലെത്തി മനുഷ്യരൂപം സ്വീകരിക്കുന്നതാണ് അവതാരം. മദർ തെരേസ ഏതു ലോകത്തിൽ നിന്നാണ് വന്നത്?

വേദപുസ്തകപ്രകാരം ചരിത്രത്തിൽ ഒരു അവതാരമേ ഉള്ളൂ – യേശുക്രിസ്തു. പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്ന് പ്രപഞ്ചത്തെ സൃഷ്ടിച്ചു പരിപോഷിപ്പിച്ച യേശുക്രിസ്തു. പൗലൊസ് ശ്ലീഹ പ്രഖ്യാപിക്കുന്നത് ക്രിസ്തു ബേത്‌ലഹേമിൽ ജനിച്ചപ്പോൾ തമ്പുരാൻ "ദാസരൂപം" സ്വീകരിച്ചു എന്നാണ്. (ഫിലിപ്പിയർ 2:6–11). കത്തോലിക്കരുടെ ഔദ്യോഗിക ബൈബിൾ ഈ ആശയം കുറെക്കൂടി വ്യക്ത



സ്ത്രജ്ഞന്മാരുടെ അഭിപ്രായം ഇത്തരം മറുപടികൾ സാത്താൻ തന്നെ നൽകുന്നവയാണെന്നാണ്. സാത്താൻ സർവ്വശക്തനല്ല; എന്നാൽ ശക്തനാണ്. സ്വന്തം സ്ഥാനം ഉറപ്പിക്കുവാൻ വേണ്ടി, സ്വന്തം സാമ്രാജ്യം വികസിപ്പിക്കുവാൻ വേണ്ടി ജനങ്ങളെ വശീകരിക്കാൻ പിശാച് നൽകുന്ന നന്മകളും മറുപടികളും! ക്രിസ്തുവിലുള്ള ഏകാഗ്രതയിൽനിന്ന് എങ്ങനെയെങ്കിലും ജനത്തിന്റെ ശ്രദ്ധയെ തിരിച്ചു കളയണം. സാത്താന്റെ മറുപേര് എതിർക്രിസ്തു എന്നാണല്ലോ. പേരിനു ചേരുന്ന പ്രവൃത്തിയാണല്ലോ ചെയ്യേണ്ടത്!

വേറെ ചില വേദശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ഇങ്ങനെയാണ്: സർവ്വദയാലുവായ ദൈവം ചിലപ്പോൾ മനുഷ്യന്റെ വീഴ്ചതാഴ്ചകളും അന്ധവിശ്വാസങ്ങളും മനഃപൂർവ്വം ക്ഷമിച്ചുകൊണ്ട് അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാതെ മറുപടി നൽകുന്നു. ഏഴ് എഴുപതുവട്ടം ക്ഷമിക്കുന്ന ദൈവം തമ്പുരാൻ മനുഷ്യന്റെ കണ്ണുനീർ കണ്ട് മനസ്സലിഞ്ഞു നൽകുന്ന മറുപടികൾ. "പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" എന്നുള്ള ക്രൂശിലെ പ്രാർത്ഥനയാണ് ഇക്കൂട്ടർ ന്യായീകരണമായി ഉപയോഗിക്കുന്നത്.

അന്യമദ്ധ്യസ്ഥരിൽകൂടി പ്രാർത്ഥിക്കുമ്പോൾ ചിലർക്കു ലഭിക്കാറുള്ള ഉത്തരങ്ങൾ കേവലം യാദൃച്ഛിക സംഭവങ്ങളോ സ്വാഭാവിക സംഭവങ്ങളോ ആയി വ്യാഖ്യാനിച്ചുതള്ളുന്നവരും ഉണ്ട്.

ഏതായാലും പ്രത്യക്ഷതകളെ തേടിയുള്ള മലകയറ്റങ്ങളും പുണ്യസ്ഥലസന്ദർശനങ്ങളും അപകടമുള്ള വഴിയാണ്. സാത്താന്റെ ദൂതന്മാർ തീർത്ഥാടകരുടെ ജീവിതത്തിൽ "ബന്ധനങ്ങൾ" ഉണ്ടാക്കിയെന്നിരിക്കും. മനസ്സിലെ ചില ആഗ്രഹങ്ങൾ സാധിച്ചു കിട്ടിയതിന്റെ സന്തോഷം നിലനില്ക്കണമെന്നില്ല. വലിയ ഊരാക്കുടുക്കുകളിൽ ചെന്നു പെട്ടെന്നു വരാം.

സാത്താൻ കള്ളനാണ്. "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല" (യോഹന്നാൻ 10:10). കുറെക്കാലത്തേക്ക് അവൻ നമ്മുടെ മുമ്പിൽ മാണിക്യം ഉയർത്തിപ്പിടിക്കും; എന്നാൽ, ഒടുവിൽ മടിയിൽ വീഴുന്നത് മണ്ണാങ്കട്ട ആയിരിക്കും. പ്രശ്നങ്ങളുടെ നൂലാമാലകൾ! "അന്യദേവനെ കൈക്കൊള്ളുന്നവരുടെ വേദന വർദ്ധിക്കും. ആ ദേവന്മാരുടെ നാമങ്ങളെ എന്റെ നാവിന്മേൽ എടുക്കയുമില്ല" എന്ന് ഒരു ദൈവഭക്തൻ പ്രതിജ്ഞയെടുക്കുന്നു (സങ്കീർത്തനങ്ങൾ 16:4).

ശങ്ങളോടും അനാചാരങ്ങളോടും ഈ 'പ്രത്യക്ഷത'കൾക്ക് പ്രത്യേക മമത ഉണ്ട് എന്ന കാര്യം ചിന്തിക്കുന്നവർ മനസ്സിലാക്കുന്നുണ്ട്.

പ്രത്യക്ഷതകളെപ്പറ്റിയുള്ള ചിത്രങ്ങളിൽ യേശുവിന്റെ സ്ഥാനം എവിടെ? മറിയയുടെ മടിയിൽ, അല്ലെങ്കിൽ മാറിടത്തിൽ. ഒന്നിനും കഴിവില്ലാത്ത ഉണ്ണിയേശു; അല്ലെങ്കിൽ ഒരു പാവം ബാലൻ! പുണ്യസ്ഥലങ്ങളിലെ ചില കൊത്തുപണികൾ ശ്രദ്ധിക്കുക. കുരിശിന്റെ ചുവട്ടിൽ, മറിയയുടെ മടിയിൽ ചോരയിൽ കുളിച്ചുകിടക്കുന്ന, മരിച്ചു കിടക്കുന്ന യേശു. അല്ലെങ്കിൽ, രാജ്ഞിയെപോലെ പ്രശോഭിക്കുന്ന മറിയയുടെ സമീപം അർദ്ധപ്രാണനായി തൂങ്ങിക്കിടക്കുന്ന യേശു. മാതാവിനെ ആശ്രയിക്കാതെ, പരസഹായം കൂടാതെ ജീവിക്കാൻ കഴിവില്ലാത്ത ഒരു യേശുവിനെയാണ് ജനഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. ക്രൂശിൽ നിന്ന് താഴെയിറക്കിയ യേശുവിന്റെ മൃതശരീരത്തെ മാതാവ് മടിയിൽ കിടത്തിയതായി ബൈബിളിൽ ഒരിടത്തും പറയുന്നില്ല. ജീവൻ അർപ്പിക്കുന്നതിനു തൊട്ടുമുമ്പ് യോഹന്നാനെ വിളിച്ച് മാതാവിന്റെ സംരക്ഷണം ഏറ്റെടുക്കണമെന്ന് യേശു സഹതാപപൂർവ്വം പറഞ്ഞതായി രേഖകളുണ്ട് (യോഹന്നാൻ 19:27). പാരമ്പര്യസഭകൾ ഈ വസ്തുത വളച്ചുകെട്ടിയാണ് ചിത്രങ്ങളും കൊത്തുപണികളും തയ്യാറാക്കുന്നത്. നൂറുനൂറു വർഷങ്ങളായി ഒട്ടനവധി ദുരുപദേശങ്ങളും അനാചാരങ്ങളും അനുവദിക്കുന്ന സഭകളെ എങ്ങനെ സത്യസഭകളായി അംഗീകരിക്കാനാവും!

സാത്താൻ ഇത് താമാശിനു ചെയ്യുന്നതല്ല. സ്വർഗ്ഗം അയച്ച ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുവിനെ പുറമ്പോക്കിലെറിയണം. അല്ലെങ്കിൽ യേശുക്രിസ്തുവിന്റെ തൊട്ടടുത്തോ തൊട്ടുതാഴെയോ വേറെ ചില മനുഷ്യമദ്ധ്യസ്ഥരെ കുടിയിരുത്തിക്കൊണ്ട് ക്രിസ്തുവിന്റെ ഏക മഹാപൗരോഹിത്യസ്ഥാനം വീതം വയ്ക്കണം. ഈ ഗൂഢോദ്ദേശ്യമാണ് പ്രകടനങ്ങളുടെ പിന്നിലുള്ളത്. ഈ ലക്ഷ്യത്തിലേക്ക് സാത്താൻ വിജയപൂർവ്വം മുന്നേറിക്കൊണ്ടിരിക്കുന്നു. വ്യാജദൈവങ്ങളുടെ കുടിയിരിപ്പുസ്ഥാനങ്ങളിലേക്ക് ജനപ്രവാഹം. പ്രത്യക്ഷതകളെ ആദരിക്കുവാൻ വേണ്ടി ജനലക്ഷങ്ങൾ ആഹാരം വെടിഞ്ഞ് മലകൾ കയറുകയും പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് സ്തോത്രകാഴ്ചകൾ അർപ്പിക്കുകയും ചെയ്യുന്നു.

പലരുടെയും പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കുന്നുണ്ടല്ലോ. സാധാരണ കേൾക്കാറുള്ള ഒരു ന്യായീകരണം.

ഇതെപ്പറ്റി പല അഭിപ്രായങ്ങളുണ്ട്. ഒരു വലിയ കൂട്ടം വേദശാ



മായ ഭാഷയിൽ വിവർത്തനം ചെയ്തിരിക്കുന്നതു ശ്രദ്ധിക്കുക: ക്രിസ്തു "ദൈവത്തിന്റെ രൂപത്തിലായിരുന്നു എങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു."

അത്ഭുതമനുഷ്യർ ആയിരുന്ന മോശ, ഏലിയാവ്, അബ്രഹാം, സ്നാപകയോഹന്നാൻ – ഇവരെ ആരേയും അവതാരങ്ങളായി വേദപുസ്തകം അംഗീകരിച്ചിട്ടില്ല. മദ്ധ്യസ്ഥരായും അംഗീകരിച്ചിട്ടില്ല.

യേശുക്രിസ്തു തന്നെ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു..... സ്വർഗത്തിൽ നിന്നിറങ്ങി വന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല." (യോഹന്നാൻ 3:11–13, പി.ഒ.സി. ബൈബിൾ).

യേശുക്രിസ്തുവിന്റെ ഇരട്ടപ്പേരുകളിലൊന്ന് 'ഇമ്മാനുവേൽ' എന്നാണ് – ദൈവം മനുഷ്യനോടുകൂടെ എന്നർത്ഥം. സാക്ഷാൽ അവതാരം. ഏക മദ്ധ്യസ്ഥൻ.

മദർ തെരേസയെപ്പോലെയും അതിൽ കൂടുതലായും ത്യാഗസന്നദ്ധതയും കരുണയും ഉള്ളവർ മുമ്പും ഉണ്ടായിട്ടുണ്ട്. നമ്മുടെ ഗാന്ധിജി അവരിൽ ഒരാളാണ്. നമ്മുടെ കൊച്ചു കേരളത്തിലെ സാധു കൊച്ചുകുഞ്ഞുപദേശിയും ത്യാഗോജ്ജ്വലജീവിതത്തിന്റെ കാര്യത്തിൽ ഒട്ടും പിന്നിലല്ലായിരുന്നു – അദ്ദേഹത്തിന്റെ സേവനങ്ങൾ ലോകവ്യാപകമല്ലായിരുന്നെങ്കിൽ തന്നെ. ലോകം ഇതുപോലെ മുമ്പോട്ടു പോയാൽ മദർ തെരേസയെപ്പോലെയുള്ള ആളുകൾ ഇനിയും ജനിക്കും.

1997–ൽ മദർ തെരേസയുടെ സംസ്ക്കാര ചടങ്ങുകൾ ടെലിവിഷനിൽ കണ്ടപ്പോൾ മനസ്സിലുയർന്ന ആശങ്കകൾ ഇന്ന് അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായിരിക്കുന്നു. ഭയപ്പെട്ട കാര്യങ്ങൾ അതുപോലെ സംഭവിച്ചിരിക്കുന്നു.

മദർ തെരേസയുടെ പ്രതിമകളുടെ മുമ്പിൽ മുട്ടുകുത്തുന്ന രംഗങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. ഞങ്ങൾ ആരാധിക്കുകയല്ല "വണങ്ങുക" മാത്രമാണു ചെയ്യുന്നതെന്ന ഒഴികഴിവുകളോടുകൂടെ ആണ് ഇത്തരം മനുഷ്യപൂജയ്ക്ക് ജനലക്ഷങ്ങൾ ഒരുമ്പെടുന്നത്. മദറിന്റെ കബറിടത്തിൽ ഭജനകൾ. കൂടാതെ, മദറിന്റെ ഛായാചിത്രങ്ങളിൽ പുഷ്പാർച്ചനകളും. ഒരിക്കൽ ഇവിടെ തിരുശേഷിപ്പു വണക്കവും

അസ്ഥിപൂജയും ഒക്കെ സംഘടിപ്പിച്ചെന്നുവരും.

അപ്പൊസ്തോലനായ യോഹന്നാൻ അദ്ദേഹത്തിന്റെ മുമ്പിൽ യുഗാന്തപ്രതിഭാസങ്ങളുടെ പൊരുളുമായി പ്രത്യക്ഷപ്പെട്ട മാലാഖയെ നമസ്ക്കരിക്കുവാൻ മുട്ടുമടക്കിയപ്പോൾ മാലാഖ അദ്ദേഹത്തെ വിലക്കിയ സംഭവം ബൈബിളിൽ വിവരിക്കുന്നുണ്ട് (വെളിപാട് 19:10; 22:8-9). അപ്പൊസ്തോലന്മാരായ പൗലൊസും ബർന്നബാസും പത്രോസും അവരുടെ മുമ്പിൽ മുട്ടുമടക്കാനും അവരെ പൂമാലയിട്ട് പൂജിക്കാനും ഒക്കെ ശ്രമിച്ചവരെ ശാസിച്ച് പിന്തിരിപ്പിച്ചതായി അപ്പൊസ്തോലപ്രവർത്തികളിൽ (10:26; 14:14-15) വിവരിക്കുന്നുണ്ടല്ലോ.

നിർഭാഗ്യമെന്നു പറയട്ടെ, മനുഷ്യപൂജ മദർ തെരേസയ്ക്ക് പ്രിയമുള്ള കാര്യമായിരുന്നു. മദർ ഹൗസിനുള്ളിൽ തന്നെ അവരുടെ ഭൗതികാവശിഷ്ടം സംസ്ക്കരിക്കാനുള്ള ക്രമീകരണം അവരുടെ വിയോഗത്തിനു മുമ്പുതന്നെ നടത്തിയിരുന്നു - മദറിന്റെ അറിവോടും ആശീർവാദത്തോടും കൂടെ. പോപ്പിനെ മുതൽ കന്യാമറിയത്തിന്റെ പ്രതിമകളെവരെ മദർതെരേസ തൊട്ടുവണങ്ങിയിട്ടുണ്ട്. ഇപ്പോൾ ഇതാ, മദർതെരേസയുടെ ശവകുടീരത്തെ തൊട്ടുവണങ്ങാനുള്ള സൗകര്യങ്ങൾ ഒത്തിണക്കിയിരിക്കുന്നു. മദർഹൗസിന്റെ മേൽക്കൂര ഇനി മനുഷ്യപൂജയ്ക്കു തുണ നില്ക്കും. മഴയും വെയിലും കൊള്ളാതെ വെഞ്ചരിക്കാമല്ലോ.

മറിയം അങ്ങുമിങ്ങും പ്രത്യക്ഷപ്പെടുന്നതുപോലെ ഇപ്പോൾ മദർ തെരേസയും പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. കത്തോലിക്കരുടെ മുമ്പിലാണ് ഇത്തരം പ്രത്യക്ഷതകൾ കൂടുതലും! പ്രത്യേകിച്ച് സ്ത്രീകളുടെ മുമ്പിൽ, കൊച്ചു കുട്ടികളുടെ മുമ്പിൽ. പക്വതയുള്ള പുരോഹിതന്മാരുടെ മുമ്പിൽ മൺമറഞ്ഞവർ ആരെങ്കിലും പ്രത്യക്ഷപ്പെട്ടതായി കേൾക്കാറില്ല.

ദൈവവും ക്രിസ്തുവും മാലാഖമാരും മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന സംഭവങ്ങൾ ബൈബിൾ വിവരിക്കുന്നുണ്ട്. മിക്കവാറും എല്ലാംതന്നെ പ്രായവും പക്വതയുമുള്ള സ്ത്രീകളുടെയും പുരുഷന്മാരുടെയും മുമ്പിൽ. ആത്മീയദൗത്യത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ മുമ്പിൽ. അവർക്ക് ആലോചനകളും മാർഗനിർദ്ദേശങ്ങളും നൽകുവാൻ വേണ്ടി. അവരുടെ നിർദ്ദേശങ്ങളിൽ വേദവിരുദ്ധമായ ആശയങ്ങൾ കാണുകയില്ല.

ഇന്നത്തെ പ്രത്യക്ഷതകളെപ്പറ്റിയുള്ള വാർത്തകൾ ശ്രദ്ധിച്ചു പഠിക്കുക. വേദവിരുദ്ധമായ ആശയങ്ങളാണ് ഈ രൂപങ്ങൾ സംസാരിക്കുന്നത്. വിശുദ്ധ മറിയ വഴി, പുണ്യവാളന്മാർ വഴി, പുണ്യവതികൾ വഴി പ്രാർത്ഥിക്കാനുള്ള നിർദ്ദേശങ്ങൾ.



യഥാർത്ഥത്തിൽ എന്താണ് ഈ പ്രത്യക്ഷതകൾ?

പ്രകൃതിയിലെ ചില പ്രതിഭാസങ്ങൾ! മേഘങ്ങളുടെ കള്ളക്കളികൾ. സൂര്യരശ്മികൾ കുന്നിൻ പുറങ്ങളിലെ മൂടൽമഞ്ഞിനെ ആലിംഗനം ചെയ്യുമ്പോൾ ഉണ്ടാകുന്ന കൺകെട്ടു വിദ്യകൾ. മനുഷ്യന്റെ വിസ്മയനീയമായ മനസ്സ് നിർമ്മിക്കുന്ന മായാദൃശ്യങ്ങൾ. ചിലപ്പോൾ നാഡീവ്യൂഹത്തിലെ തകരാറുകൊണ്ടുണ്ടാവുന്ന കാഴ്ചകൾ, മതിഭ്രമങ്ങൾ.

മറ്റു ചിലപ്പോൾ, ദൈവത്തിനും തിരുസഭയ്ക്കും വലിയ ഒരു ഉപകാരം ചെയ്യാമെന്ന വ്യർത്ഥമോഹത്തിൽ വിവേകശൂന്യരായ മനുഷ്യരും കൊച്ചുകുട്ടികളും കെട്ടിച്ചമയ്ക്കുന്ന പച്ചക്കള്ളങ്ങൾ. പള്ളിയ്ക്കു വരുമാനം വർദ്ധിപ്പിക്കാൻ നല്ലൊരു കുറുക്കുവഴി. ദേശത്ത് കമ്പോള വികസനവും.

ഈ വക കാര്യങ്ങളിൽ വലിയ വിശ്വാസമില്ലാതെ മാറിനില്ക്കുന്നവരുണ്ടല്ലോ. മൺമറഞ്ഞ വിശുദ്ധരുടെ അത്ഭുതസിദ്ധികളെപ്പറ്റി അവരെ ബോധ്യപ്പെടുത്തണ്ടേ? അതിനുവേണ്ടി തെളിവുകളുണ്ടാക്കിയെടുക്കാൻ മനഃപൂർവ്വം ബദ്ധപ്പെടുന്ന അല്പബുദ്ധികളുടെ പരിശ്രമങ്ങൾ ചില പ്രത്യക്ഷതകളുടെയെങ്കിലും പിന്നിൽ ഇല്ലെന്ന് തറപ്പിച്ചു പറയാനൊക്കുമോ? മറ്റുള്ളവരുടെ ശ്രദ്ധയും അനുകമ്പയും ആകർഷിക്കുവാൻ വേണ്ടി മാത്രം നിർമ്മിച്ചെടുക്കുന്ന കഥകളും കാണും.

പ്രത്യക്ഷതകൾ വാസ്തവം എന്ന് തറപ്പിച്ചു പറയാമെങ്കിലോ?

അങ്ങനെയെങ്കിൽ ഒരു കാര്യം ഓർക്കുക. യഥാർത്ഥ മറിയയോ, മദർ തെരേസയോ, വാഴ്ത്തപ്പെട്ടവരോ ആയിരിക്കയില്ല പ്രത്യക്ഷപ്പെടുന്നത്. ഇത്തരം പ്രത്യക്ഷതകളുടെ പിന്നിൽ പ്രവർത്തിക്കുന്നത് സാത്താന്റെ "വെളിച്ചദൂതന്മാർ" ആണെന്ന് ബൈബിളിൽ സൂചനകളുണ്ട്. മരിച്ച മനുഷ്യരുടെ വേഷം കെട്ടി വരുന്ന ദുരാത്മാക്കൾ. അവർ അറിയിക്കുന്ന വേദവിരുദ്ധമായ സന്ദേശങ്ങൾതന്നെ ഇതിനു തെളിവാണ്. കൊന്തനമസ്ക്കാരവും മനുഷ്യപൂജയും വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥ്യവും ഒക്കെ അംഗീകരിക്കാനാണ് 'പ്രത്യക്ഷതകൾ' പരോക്ഷമായി നിർദ്ദേശിക്കുന്നത്. കത്തോലിക്കരുടെ ഒദ്യോഗിക വക്താക്കളാണെന്നു തോന്നും! വത്തിക്കാൻ നൂറ്റാണ്ടുകളായി എഴുതിച്ചേർത്തുകൊണ്ടിരുന്ന ദുരുപദേ